**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6034** **17-03-2023 - ൽ മറുപടിയ്ക്ക്**

**വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കഴിയാത്ത ക്ഷേമ പെൻഷൻകാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ വർഷം ഫെബ്രുവരി 28-നകം വരുമാന സർട്ടിഫിക്കറ്റ് നൽകാത്തതിനാൽ സംസ്ഥാനത്ത് ക്ഷേമ പെൻഷൻ വാങ്ങിക്കൊണ്ടിരുന്നവരിൽ എത്രപേർക്കാണ് മാർച്ച് മാസം മുതൽ പെൻഷൻ ലഭിക്കാതായത്; | (എ) | 2019 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളായവർക്കാണ് വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കണമെന്ന നിർദ്ദേശം നൽകിയിരുന്നത്. 2023 മാർച്ച് വരെയുള്ള പെൻഷനാണ് ഇതിനകം അനുവദിച്ചിട്ടുള്ളത്. ഇനി ഒരറിയിപ്പ് ഉണ്ടാകുന്നതു വരെ ആരുടേയും പെൻഷൻ തടയരുതെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>വരുമാന സർട്ടിഫിക്കറ്റ് സമർപ്പിച്ചില്ലായെന്ന കാരണത്താൽ അർഹതപ്പെട്ട ആരുടെയും 2023 മാർച്ച് മാസം വരെയുള്ള പെൻഷൻ തടയപ്പെട്ടിട്ടില്ല. ആയതിനാൽ കുടിശ്ശികയുടെ പ്രശ്നം ഉദിക്കുന്നില്ല. |
| (ബി) | ഇപ്രകാരം പെൻഷൻ ലഭിക്കാത്തവരിൽ വികലാംഗരുടെയും 80 വയസ്സിന് മുകളിൽ പ്രായമുള്ളവരുടെയും എണ്ണം എത്ര വീതമാണെന്ന് അറിയിക്കുമോ; | (ബി) | 2019 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളായവർക്കാണ് വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കണമെന്ന നിർദ്ദേശം നൽകിയിരുന്നത്. 2023 മാർച്ച് വരെയുള്ള പെൻഷനാണ് ഇതിനകം അനുവദിച്ചിട്ടുള്ളത്. ഇനി ഒരറിയിപ്പ് ഉണ്ടാകുന്നതു വരെ ആരുടേയും പെൻഷൻ തടയരുതെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>വരുമാന സർട്ടിഫിക്കറ്റ് സമർപ്പിച്ചില്ലായെന്ന കാരണത്താൽ അർഹതപ്പെട്ട ആരുടെയും 2023 മാർച്ച് മാസം വരെയുള്ള പെൻഷൻ തടയപ്പെട്ടിട്ടില്ല. ആയതിനാൽ കുടിശ്ശികയുടെ പ്രശ്നം ഉദിക്കുന്നില്ല. |
| (സി) | ഫെബ്രുവരി 28 വരെയുള്ള കാലയളവിൽ കുടിശികയായിട്ടുള്ള പെൻഷൻ തുക വാങ്ങുന്നതിന് ഇപ്പോൾ പെൻഷൻ പട്ടികയിൽ നിന്നും പുറത്തായവർക്ക് തടസ്സമുണ്ടോ; ഇവർക്ക് പ്രസ്തുത കുടിശിക ലഭിക്കുന്നതിന് ആവശ്യമായ മാറ്റങ്ങൾ പെൻഷൻ സംബന്ധിച്ച സോഫ്റ്റ്‌വെയറിൽ വരുത്തിയിട്ടുണ്ടോ; | (സി) | 2019 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളായവർക്കാണ് വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കണമെന്ന നിർദ്ദേശം നൽകിയിരുന്നത്. 2023 മാർച്ച് വരെയുള്ള പെൻഷനാണ് ഇതിനകം അനുവദിച്ചിട്ടുള്ളത്. ഇനി ഒരറിയിപ്പ് ഉണ്ടാകുന്നതു |

| | | | |
|---|---|---|---|
| | | | വരെ ആരുടേയും പെൻഷൻ തടയരുതെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>വരുമാന സർട്ടിഫിക്കറ്റ് സമർപ്പിച്ചില്ലായെന്ന കാരണത്താൽ അർഹതപ്പെട്ട ആരുടെയും 2023 മാർച്ച് മാസം വരെയുള്ള പെൻഷൻ തടയപ്പെട്ടിട്ടില്ല. ആയതിനാൽ കുടിശ്ശികയുടെ പ്രശ്നം ഉദിക്കുന്നില്ല. |
| (ഡി) | വില്ലേജ് ഓഫീസുകളിൽ നിന്നും വരുമാന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ ഉണ്ടായ കാലതാമസം മൂലവും ശാരീരിക വൈകല്യം, രോഗം തുടങ്ങിയവ മൂലവും പട്ടികയിൽ നിന്ന് പുറത്തായവർക്ക് സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്ക് പെൻഷൻ കുടിശിക സഹിതം പുന:സ്ഥാപിച്ച് നൽകുമോ; | (ഡി) | 2019 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളായവർക്കാണ് വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കണമെന്ന നിർദ്ദേശം നൽകിയിരുന്നത്. 2023 മാർച്ച് വരെയുള്ള പെൻഷനാണ് ഇതിനകം അനുവദിച്ചിട്ടുള്ളത്. ഇനി ഒരറിയിപ്പ് ഉണ്ടാകുന്നതു വരെ ആരുടേയും പെൻഷൻ തടയരുതെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>വരുമാന സർട്ടിഫിക്കറ്റ് സമർപ്പിച്ചില്ലായെന്ന കാരണത്താൽ അർഹതപ്പെട്ട ആരുടെയും 2023 മാർച്ച് മാസം വരെയുള്ള പെൻഷൻ തടയപ്പെട്ടിട്ടില്ല. ആയതിനാൽ കുടിശ്ശികയുടെ പ്രശ്നം ഉദിക്കുന്നില്ല. |
| (ഇ) | ഫെബ്രുവരി 28-ന് മുൻപ് വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിലവിലെ പെൻഷൻകാർക്ക് തപാലിലോ പെൻഷൻ വിതരണ ഏജന്റുമാർ മുഖേനയോ രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ടോ; | (ഇ) | ഇതിനായി വ്യക്തിപരമായ അറിയിപ്പ നൽകിയിട്ടില്ല. മറിച്ച്, പത്രക്കുറിപ്പ് വഴി പൊതുവായ അറിയിപ്പ നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ, അർബൻ ഡയറക്ടർമാർക്ക് ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും, അവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്കും നൽകേണ്ടതാണെന്ന് അറിയിച്ചിട്ടുള്ളതുമാണ്. |
| (എഫ്) | വരുമാന സർട്ടിഫിക്കറ്റ് ഫെബ്രുവരി 28-നകം ഹാജരാക്കണം എന്നത് സംബന്ധിച്ച് അറിവ് ലഭിക്കാത്തവരോ സർട്ടിഫിക്കറ്റ് വാങ്ങുന്നതിനായി പരസഹായം കൂടാതെ പോകാൻ കഴിയാത്തവരോ കിടപ്പുരോഗികൾ ആയിട്ടുള്ളവരോ ഇപ്രകാരം വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കഴിയാത്തവരുടെ കൂട്ടത്തിലുണ്ടോ; ഇത്തരക്കാർക്ക് പെൻഷനും വരുമാന സർട്ടിഫിക്കറ്റ് നൽകുന്നത് വരെയുള്ള കാലയളവിലെ പെൻഷൻ കുടിശികയും ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ? | (എഫ്) | എല്ലാ വിഭാഗം ഗുണഭോക്താക്കളുടെയും സൗകര്യാർത്ഥമാണ് വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിന് 2022 സെപ്തംബർ 1 മുതൽ 2023 ഫെബ്രുവരി 28 വരെ 6 മാസം സമയം അനുവദിച്ചിരുന്നത്. വരുമാന സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ലായെന്ന കാരണത്താൽ ആരുടെയും 2023 മാർച്ച് മാസം വരെയുള്ള പെൻഷൻ തടയപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ